

August 2024
Follow us on
arogyakeralam.gov.in

# ആരോഗ്യ കേരളം

arogyakeralam newsletter

# ഉരുൾപൊട്ടലും ശക്തമായ മഴയും

## പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ നിതാന്ത ജാഗ്രത

തിരുവനന്തപുരം: വയനാട്ടിലെ ഉരുൾപൊട്ടലും മറ്റ് ജില്ലകളിലെ ശക്തമായ മഴയും കാരണം പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നിതാന്ത ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ, പ്രാണിജന്യ രോഗങ്ങൾ, വായുജന്യ രോഗങ്ങൾ തുടങ്ങിയവ പടർന്നുപിടിക്കാൻ സാധ്യത കൂടുതലാണ്. എലിപ്പനി കേസുകൾ കൂടാൻ സാധ്യതയുള്ളതിനാൽ വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെയുള്ള എല്ലാവരും ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. എല്ലാ ആശുപത്രികളിലും അവശ്യ മരുന്നുകൾ, ഒ.ആർ.എസ്, സിങ്ക്, ഡോക്സിസൈക്ലിൻ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവയുടെ മതിയായ സ്റ്റോക്ക് ഉറപ്പാക്കാൻ നിർദ്ദേശം നൽകി. ലഭ്യത കുറവ് മുൻകൂട്ടി അറിയിക്കണം. എല്ലാ പ്രധാന ആശുപത്രികളിലും പാമ്പുകടിയേറ്റാൽ ചികിത്സിക്കാനുള്ള ആന്റി സ്നേക്ക് വെനത്തിന്റെ സ്റ്റോക്ക് ഉറപ്പാക്കാനും നിർദ്ദേശം നൽകി.

ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കണം. ദുരിത ബാധിത പ്രദേശങ്ങളിൽ അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും സേവനങ്ങൾ ഉറപ്പാക്കണം. ശുചീകരണ പ്രവർത്തനങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവർ വ്യക്തിഗത സുരക്ഷാ ഉപാധികളായ ഗ്ലൗസ്, മാസ്ക്, ബൂട്ട് മുതലായവ ധരിക്കേണ്ടതാണ്. വൈദ്യുതാഘാതം, പാമ്പ് കടി, ഇഴജന്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ആക്രമണം മുതലായവ ഒഴിവാക്കാനുള്ള സുരക്ഷാ നടപടികൾ കൈക്കൊള്ളുക. പ്രളയബാധിത പ്രദേശങ്ങളിലെ ആശുപത്രികളിൽ ഉപകരണങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കണം.

ദുരിതാശ്വാസ ക്യാമ്പുകൾ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ ക്യാമ്പുകളിലും ആരോഗ്യ സേവനം ഉറപ്പാക്കാൻ ഒരു നോഡൽ ഓഫീസർ ഉണ്ടായിരിക്കണം. ക്യാമ്പുകളിൽ ഡയാലിസിസ്, കീമോതെറാപ്പി മുതലായ ചികിത്സയിലുള്ള രോഗികൾക്ക് തുടർചികിത്സ ഉറപ്പാക്കണം. ഏതെങ്കിലും രോഗങ്ങൾക്ക് പതിവായി മരുന്ന് കഴിക്കുന്നവർ അത് തുടരേണ്ടതാണ്. സുരക്ഷിതമല്ലാത്ത മേഖലകളിൽ വസിക്കുന്നവർ നിർദ്ദേശം കിട്ടിയാലുടനെ ദുരിതാശ്വാസ കേന്ദ്രത്തിലേക്ക് മാറി താമസിക്കേണ്ടതാണ്. പക്ഷി മൃഗാദികളുടെ ശവശരീരങ്ങൾ ശ്രദ്ധയിൽപെട്ടാൽ അത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആഴത്തിൽ കുഴിയെടുത്ത് ബ്ലീച്ചിംഗ് പൗഡർ വിതറി സംസ്കരിക്കേണ്ടതാണ്.

### പകർച്ചവ്യാധി നിയന്ത്രണം

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ ശ്രദ്ധിക്കുക.
- കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുന്നത് അണുബാധ തടയും.
- മഴവെള്ളത്തിൽ കുതിർന്ന ഭക്ഷണം ഉപയോഗിക്കരുത്.
- പഴകിയ ഭക്ഷണം കഴിക്കരുത്.
- ആർക്കെങ്കിലും പനിയോ വയറിളക്കമോ ഉണ്ടായാൽ ഉടനടി ചികിത്സ തേടേണ്ടതാണ്.

### ദുരിതാശ്വാസ ക്യാമ്പുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ നൽകുക.
- കുടിവെള്ള സ്രോതസുകൾ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം ക്ലോറിനേറ്റ് ചെയ്യണം.
- ദുരിതാശ്വാസ ക്യാമ്പുകളുടെ പരിസരം ആഴ്ച്ചയിൽ രണ്ടുതവണ അണുനശീകരണം നടത്തണം.
- ക്യാമ്പുകളിൽ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടത്തുക.
- ക്യാമ്പുകളിൽ കൊതുകിന്റെ ഉറവിട നശീകരണത്തിന് ഫോഗിംഗും മറ്റ് വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങളും നടത്തുക.
- ഗർഭിണികൾ, കുഞ്ഞുങ്ങൾ, ദീർഘകാല രോഗങ്ങളുള്ളവർ എന്നിവർക്ക് പ്രത്യേക പരിചരണം ഉറപ്പാക്കുക.
- രോഗലക്ഷണങ്ങളുള്ളവരെ മാറ്റി താമസിപ്പിക്കേണ്ടതാണ്.

വയനാട് ദുരന്ത അതിജീവനം

## മാനസികാരോഗ്യം ഉറപ്പിക്കാൻ 121 അംഗ ടീം

### ക്യാമ്പുകളിലും വീടുകളിലും മാനസികാരോഗ്യ സേവനങ്ങൾ

തിരുവനന്തപുരം: വയനാട്ടിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാനസികാഘാതം ലഘൂകരിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊർജിത പ്രവർത്തനങ്ങൾ നടന്നു വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജൂലൈ 30ന് തന്നെ ആരോഗ്യ വകുപ്പ് ജില്ലയിൽ മാനസികാരോഗ്യ ദുരന്ത നിവാരണ ടീം രൂപീകരിക്കുകയുണ്ടായി. മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ ജില്ലയിൽ ദുരന്തവുമായി ബന്ധപ്പെട്ട മുഴുവൻ മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ് പ്രത്യേകമായി നൽകുന്ന ഐഡി കാർഡുള്ളവർക്ക് മാത്രമേ ക്യാമ്പുകളിലും വീടുകളിലും മാനസികാരോഗ്യ പ്രവർത്തനങ്ങൾ നടത്താൻ അനുവാദമുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി.




വയനാട് ഉരുൾപ്പൊട്ടൽ ദുരന്ത ബാധിതരെ മുഖ്യമന്ത്രി പിണറായി വിജയൻ ആശ്വസിപ്പിക്കുന്നു. മന്ത്രിമാരായ വീണ ജോർജ്, കെ രാജൻ, പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ, ഒ ആർ കേളു എന്നിവർ സമീപം

ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും ദുരിതാശ്വാസ ക്യാമ്പുകളിലും, മാനസികാരോഗ്യ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ച് മാനസികാരോഗ്യ സേവനങ്ങൾ ഈ ടീം ഉറപ്പാക്കുന്നു. ഇതിൽ സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിക്ക് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ എന്നിവരടങ്ങുന്ന 121 അംഗീകൃത മാനസികാരോഗ്യ പ്രവർത്തകരേയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദുരന്തബാധിതരെ കേൾക്കുവാനും അവർക്ക് ആശ്വാസം പകരുവാനുമാണ് ഇപ്പോൾ പ്രവർത്തകർ പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇതിൽ തന്നെ കുട്ടികളുടെയും പ്രായമായവരുടെയും, ഗർഭിണികളുടെയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്.

ദുരന്തം കാരണമുണ്ടായ മാനസികാഘാതത്തിന്റെ ലക്ഷണങ്ങൾ ആഴ്ചകൾ കഴിഞ്ഞും പ്രത്യക്ഷപെടാം എന്നുള്ളതുകൊണ്ടും, ഉത്കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ ദീർഘകാലം നീണ്ടു നിൽക്കാം എന്നുള്ളതുകൊണ്ടും മാനസിക സാമൂഹിക ഇടപെടലുകൾ ഊർജിതമായി നിലനിർത്തുവാൻ സമഗ്രമായ മാനസികാരോഗ്യ പദ്ധതിയാണ് വയനാട്ടിലെ ദുരന്ത ബാധിത മേഖലയിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നത്.

ഇതിനോടൊപ്പം മാനസിക അസ്വാസ്ഥ്യം ഉള്ളവരെയും, മാനസിക രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവരെയും കണ്ടെത്തി ചികിത്സ മുടങ്ങാതെ നൽകുവാനും പ്രത്യേകം ശ്രദ്ധിക്കുന്നു. മദ്യം/ലഹരി ഉപയോഗത്തിന്റെ 'വിത്ത്ഡ്രോവൽ' ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ കണ്ടെത്തി പ്രത്യേകം ചികിത്സയും നൽകി വരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ, മറ്റ് റെസ്ക്യൂ മിഷൻ പ്രവർത്തകർ എന്നിവർക്കുള്ള മാനസിക സമ്മർദ്ദ നിവാരണ ഇടപെടലുകളും ഇവർ നൽകുന്നതാണ്.

ഇതുകൂടാതെ 24 മണിക്കൂറും 'ടെലി മനസ്സ്' 14416 എന്ന ടോൾ ഫ്രീ നമ്പരിലൂടെ 24 മണിക്കൂറും മാനസിക പ്രശ്നങ്ങൾക്കും, വിഷമങ്ങൾക്കും സംശയ നിവാരണങ്ങൾക്കും സേവനം ലഭ്യമാണ്.

# സംസ്ഥാനത്ത് സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കും: മന്ത്രി വീണാ ജോർജ്

## വീട്ടിൽ ഡയാലിസിസ് ചെയ്യാവുന്ന പെരിറ്റോണിയൽ ഡയാലിസിസ് എല്ലാ ജില്ലകളിലും



തിരുവനന്തപുരം: ഡയാലിസിസ് സൗകര്യങ്ങളില്ലാത്ത വിദൂര-ദുർഘട പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വാഹനങ്ങളിൽ സജ്ജമാക്കുന്ന ഡയാലിസിസ് മെഷീനിലൂടെ രോഗികൾക്ക് എത്തിപ്പെടാൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ വച്ച് ഡയാലിസിസ് നൽകുക എന്നതാണ് മൊബൈൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തന രീതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സംയുക്ത സംരംഭമായി സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ സജ്ജമാക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

ഹീമോഡയാലിസിസ് ചെലവേറിയതും ആശുപത്രിയിൽ മാത്രം ചെയ്യാൻ കഴിയുന്നതുമായ പ്രക്രിയയാണ്. ഇതിന് പരിഹാരമായിട്ടാണ് താരതമ്യേന ചെലവു കുറഞ്ഞതും രോഗികൾക്ക് സ്വന്തമായി വീട്ടിൽ ചെയ്യാൻ സാധിക്കുന്നതുമായ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. പെരിറ്റോണിയൽ ഡയാലിസിസ് നിലവിൽ എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായുള്ള മുഴുവൻ ചെലവും സർക്കാരാണ് വഹിക്കുന്നത്. നാളിതുവരെ 640 രോഗികൾ പെരിറ്റോണിയൽ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ചു കൊണ്ട് ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് കൂടുതൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുന്നതാണ്. ഇതിനായി വേണ്ടി വരുന്ന അധിക മാനവശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ട്. കാസ്പിൽ അംഗത്വമില്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) മുഖാന്തിരവും എംപാനൽ ചെയ്തിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് നൽകി വരുന്നുണ്ട്. ആരോഗ്യ കേരളം 'പാലിയേറ്റീവ് കെയർ പ്രോജക്ട്' പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്.

ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റങ്ങൾക്കനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ മെഡിക്കൽ കോളേജുകൾക്ക് പുറമേ 36 ജില്ലാ, ജനറൽ ആശുപത്രികളിൽ 31 ഇടങ്ങളിലും 88 താലൂക്ക് തല ആശുപത്രികളിൽ 57 ഇടങ്ങളിലുമായി ആകെ 88 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമേ വിവിധ ജില്ലകളിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ 12 സ്ഥലങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിലായി ആകെ 100 ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്.

സംസ്ഥാനത്ത് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലായി ആകെ 1250 ഓളം ഡയാലിസിസ് മെഷീനുകൾ പ്രവർത്തന സജ്ജമാണ്. നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കാത്ത താലൂക്ക്, ജില്ലാതല ആശുപത്രികളിൽ 13 സ്ഥലങ്ങളിൽ കൂടി ഈ സാമ്പത്തിക വർഷം തന്നെ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കും വിധം പ്രവർത്തി പുരോഗമിക്കുന്നു. അതിനു പുറമെ ബാക്കിയുള്ള മുഴുവൻ ആശുപത്രികളിൽ കൂടി 2025-ോടു കൂടി ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിലെ എല്ലാ പ്രധാന ഗവ. മെഡിക്കൽ കോളേജുകളിലും നെഫ്രോളജി വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

# ആന്റിവെനം നൽകുന്ന ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കണം: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: പാമ്പ് കടിയേറ്റവരുടെ ചികിത്സയ്ക്കായുള്ള ആന്റി സ്നേക്ക് വെനം നൽകുന്ന ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കണം. മുഖ്യമന്ത്രിയുടെ നിർദേശത്തെ തുടർന്നാണ് നടപടി. പാമ്പ് കടിയേറ്റാൽ വളരെപ്പെട്ടെന്ന് ആന്റിവെനം ചികിത്സ ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ പാമ്പ് കടിയേറ്റ് വരുന്നവർക്ക് അധിക ദൂരം യാത്ര ചെയ്യാതെ ആന്റിവെനം ലഭ്യമാക്കേണ്ടതുണ്ട്. താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലാണ് ആന്റിവെനം ലഭ്യമാക്കിയിട്ടുള്ളത്. പരമാവധി ആശുപത്രികളിൽ ആന്റിവെനം ചികിത്സ ലഭ്യമാക്കാനുള്ള ശ്രമത്തിലാണ് ആരോഗ്യ വകുപ്പ്. മതിയായ ആന്റിവെനം ലഭ്യമാക്കാൻ കെ.എം.എസ്.സി.എ ക്ക് നിർദേശം നൽകി. മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് നിർദേശം നൽകിയത്.

**അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്**

# മാർഗരേഖ പുറത്തിറക്കി

## രാജ്യത്ത് ആദ്യം

തിരുവനന്തപുരം: അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസുമായി (മസ്തിഷ്ക ജ്വരം) ബന്ധപ്പെട്ട് സംസ്ഥാനത്തിന് പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസുമായി ബന്ധപ്പെട്ടുള്ള പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖയാണ് പുറത്തിറക്കിയത്. ഈ അപൂർവ രോഗത്തെപ്പറ്റി ശാസ്ത്രീയമായ പഠനങ്ങളും പഠന ഫലങ്ങളും വളരെ കുറവാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനം സ്വന്തം നിലയിൽ നിലവിലുള്ള ശാസ്ത്രീയ പഠനങ്ങളുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ സമഗ്ര മാർഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചത്. തുടർപഠനത്തിനും ഗവേഷണത്തിനുമായി ഐ.സി.എം.ആർ സഹകരണത്തോടെ ഒരു സമിതിയെ നിയോഗിക്കുന്നതാണ്. സർക്കാർ, സ്വകാര്യ ആശുപത്രികൾ ഈ മാർഗരേഖ കൃത്യമായി പാലിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഇത്തരം വെള്ളവുമായി സമ്പർക്കത്തിൽ വരുന്നവരിൽ 26 ലക്ഷത്തിൽ ഒരാൾക്ക് മാത്രമാണ് ഈ രോഗം വരുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാധാരണമായി നേഗ്ലേറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. ഈ രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. മൂക്കിനേയും മസ്തിഷ്ക്കത്തേയും വേർതിരിക്കുന്ന നേർത്ത പാളിയിൽ അപൂർവമായുണ്ടാകുന്ന സുഷിരങ്ങൾ വഴിയോ കർണപടലത്തിലുണ്ടാകുന്ന സുഷിരം വഴിയോ ആണ് അമീബ തലച്ചോറിലേക്ക് കടക്കുകയും മെനിഞ്ചോ എൻസെഫലൈറ്റിസ് ഉാക്കുകയും ചെയ്യുന്നത്. 97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമാണിത്.

വേനൽ കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നതോടെയാണ് അമീബ വർധിയ്ക്കുകയും കൂടുതലായി കാണുകയും ചെയ്യുന്നത്. വെള്ളത്തിലിറങ്ങുമ്പോൾ അടിത്തട്ടിലെ ചേറിലുള്ള അമീബ വെള്ളത്തിൽ കലങ്ങുകയും മൂക്കിലൂടെ



ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. രോഗാണുബാധ ഉണ്ടായി ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പരിശോധിക്കുന്നത് വഴിയാണ് രോഗനിർണയം നടത്തുന്നത്. പി.സി.ആർ പരിശോധനയിലൂടെയാണ് രോഗം സ്ഥിരീകരിക്കുന്നത്.

അമീബയ്ക്കെതിരെ ഫലപ്രദമെന്ന് കരുതുന്ന 5 മരുന്നുകളുടെ സംയുക്തം ഉപയോഗിച്ചാണ് ചികിത്സിക്കുന്നത്. എത്രയും വേഗം മരുന്നുകൾ നൽകിത്തുടങ്ങുന്നവരിലാണ് രോഗം ഭേദമാക്കാൻ സാധിക്കുന്നത്. അതിനാൽ രോഗ ലക്ഷണങ്ങൾ തുടങ്ങി എത്രയും വേഗം മരുന്നുകൾ നൽകേണ്ടതാണ്. അതിലൂടെ മരണനിരക്ക് കുറയ്ക്കാൻ സാധിക്കും.

ചെവിയിൽ പഴുപ്പുള്ള കുട്ടികൾ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കാതിരിക്കുക. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കുക.

തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകുന്നു. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവർ ഈ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഇക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്.

മഴക്കെടുതി
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ആരംഭിച്ച സ്റ്റേറ്റ് കൺട്രോൾ റൂം നമ്പറുകൾ
0471 -2303476
0471 -2300208
24 മണിക്കൂറും ലഭ്യമാണ്



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# അമ്മിഞ്ഞപ്പാലമൃതം

ജ്യോതി കെ
സീനിയർ നഴ്സിംഗ് ഓഫീസർ
(ലാക്റ്റേഷൻ കൗൺസിലർ)
ലേബർ റൂം,എസ്.എ.റ്റി.എച്ച്
തിരുവനന്തപുരം



**കുഞ്ഞിനെ അമ്മയുടെ മാറോടു ചേർത്ത് കുഞ്ഞിന്റെ വയർ അമ്മയുടെ ശരീരത്തിൽ മുട്ടിയിരിയ്ക്കുന്ന വിധത്തിൽ ചരിച്ച് പിടിക്കണം**

തിരുവനന്തപുരം: ഒരു കുഞ്ഞ് പിറക്കുന്നതു മുതൽ അതിന്റെ വളർച്ചയ്ക്ക് സഹായിക്കുന്ന ഘടകമാണ് മുലപ്പാൽ. മുലയൂട്ടലിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനാണ് എല്ലാ വർഷവും ആഗസ്റ്റ് 1 മുതൽ 7 വരെ ലോക മുലയൂട്ടൽ വാരമായി ആചരിക്കുന്നത്. ജീവിത നിലവാരത്തിന്റെ പ്രധാന അളവുകോലായ ശിശുമരണ നിരക്ക് കുറക്കുകയെന്നതും ഈ ആചരണത്തിന്റെ മുഖ്യലക്ഷങ്ങളിലൊന്നാണ്.

### മുലപ്പാലിന്റെ ഉത്പാദനം

അമ്മയിൽ മുലപ്പാൽ ഉത്പാദനത്തിന്റെ തോത്, കുഞ്ഞ് എത്ര പ്രാവശ്യം മുലക്കണ്ണ് വലിച്ചു കുടിയ്ക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എത്ര തവണ കുഞ്ഞിനെ മുലയൂട്ടുന്നുവോ അത്രയും കൂടുതൽ മുലപ്പാലും ഉത്പാദിപ്പിയ്ക്കപ്പെടുന്നു. കുഞ്ഞിനെ മുലയൂട്ടുമ്പോൾ അമ്മയുടെ തലച്ചോറിലേയ്ക്ക് ഞരമ്പുകൾ വഴി സന്ദേശം എത്തുകയും പ്രൊലാക്ട്രിൻ, ഓക്സിടോസിൻ എന്നീ ഹോർമോണുകൾ ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിലൂടെ മൂലപ്പാൽ ഉത്പാദിക്കപെടുകയും കുഞ്ഞിന് മുലയൂട്ടാനും സാധിക്കുന്നു.

### മുലയൂട്ടലിന്റെ മുന്നൊരുക്കങ്ങൾ

ഒരു സ്ത്രീ ഗർഭിണി ആകുമ്പോൾ തന്നെ അവളെ മുലയൂട്ടാനുള്ള ഉത്തരവാദിത്വം സന്തോഷത്തോടെ നിറവേറ്റാനുള്ള മാനസികമായ തയ്യാറെടുപ്പിനും കൂടി ഉതകുന്ന വിധത്തിൽ ഗർഭകാല ബോധവത്കരണം നടത്തേതുണ്ട്. ശരിയായ ബോധവത്ക്കരണം അമ്മയാകാൻ പോകുന്ന സ്ത്രീയുടെ പല സംശയങ്ങളും ദൂരീകരിയ്ക്കും. മുലക്കണ്ണുകളുടെ ആകൃതി പരന്നതോ ഉൾവലിഞ്ഞതോ ആയ മുലക്കണ്ണുകൾ ഗർഭകാല പരിശോധനയിൽ കണ്ടെത്തേണ്ടതും പരിഹാരം തേടേണ്ടതുമാണ്. അല്ലാത്ത പക്ഷം മുലയൂട്ടൽ ഏറ്റവും ബുദ്ധിമുട്ടേറിയ ഒരു പ്രവർത്തിയായി സ്ത്രീകൾക്ക് അനുഭവപ്പെടാം. ഇത് മാനസികമായി അവരെ മുലയൂട്ടലിൽ നിന്നും പിന്മാറാൻ പ്രേരിപ്പിക്കും. കുഞ്ഞുങ്ങൾക്ക് മുലകണ്ണ് ശരിയായി വലിക്കാൻ സാധിക്കാത്തത് മുലപ്പാൽ ഉത്പാദനത്തെ ബാധിക്കുകയും കുഞ്ഞിന് ആവശ്യത്തിന് പാൽ ലഭിയ്ക്കാതെ വരുകയും ചെയ്യും.

### മുലയൂട്ടൽ രീതി

ഒരു കുഞ്ഞ് ജനിക്കുമ്പോൾ തന്നെ അവൾക്ക്/ അവന് ആവശ്യമായ മുലപ്പാലും അമ്മയിൽ ഉൽപാദിയ്ക്കപ്പെടും. എന്നാൽ ഇതിനു ശരിയായ മുലയൂട്ടൽ രീതി അവലംബിക്കേതുണ്ട്. ആദ്യം സൗകര്യ പ്രദമായ രീതിയിൽ ഇരിക്കുക. ശേഷം കുഞ്ഞിനെ അമ്മയുടെ മാറോടു ചേർത്ത് കുഞ്ഞിന്റെ വയർ അമ്മയുടെ ശരീരത്തിൽ മുട്ടിയിരിയ്ക്കുന്ന വിധത്തിൽ ചരിച്ച് പിടിക്കണം. തുടർന്ന് മുലക്കണ്ണും അതിന്റെ ചുറ്റുമുള്ള ഇരുഭാഗവും കുഞ്ഞിന്റെ വായ്ക്കുള്ളിൽ വയ്ക്കണം. ഇങ്ങനെ ചെയ്യുമ്പോൾ അമ്മയ്ക്ക് വലതുകൈയിലെ ഒരു വിരൽ ഉപയോഗിച്ച് മുലയുടെ മുകൾ ഭാഗം മെല്ലെ അമർത്തി കുഞ്ഞിന് ശ്വാസമെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്താം. ശരിയായ രീതിയിൽ മുലയൂട്ടുമ്പോൾ മാത്രമേ അമ്മയിലെ നാഡീവ്യൂഹങ്ങൾ പ്രവർത്തിച്ച് ഹോർമോൺ ഉത്പാദനവും തുടർന്ന് പാൽ ഉത്പാദനവും ഉണ്ടാകൂ. കുഞ്ഞ് മുലകണ്ണ് മാത്രമായി വലിച്ചു കുടിയ്ക്കുമ്പോൾ പാലുത്പാദനം നടക്കാതെയും മുലക്കണ്ണ് പൊട്ടുന്നതിനും കാരണമാകും. കുഞ്ഞിനെ മുലയൂട്ടുമ്പോൾ അമ്മ കുഞ്ഞിനെ സ്നേഹത്തോടെ നോക്കുകയും തലോടുകയും ചെയ്യണം. ഇത് ഹോർമോൺ ഉത്പാദനം കൂട്ടുകയും മുലപ്പാൽ ഉത്പാദനം വർദ്ധിക്കുകയും ചെയ്യും.

### മുലയൂട്ടലിന് സമയപരിധിയുണ്ടോ?

കുഞ്ഞ് ജനിച്ച് ഉടൻ തന്നെ മുലയൂട്ടേണ്ടതാണ്. കുഞ്ഞിന് എപ്പോഴെല്ലാം ആവശ്യമുണ്ടോ അപ്പോഴെല്ലാം കുഞ്ഞിനെ മുലയൂട്ടുക. ഒരു സമയക്രമം പാലിച്ചു ചെയ്യേണ്ടതല്ല മുലയൂട്ടൽ. കുഞ്ഞ് തുടർച്ചയായി ഉറങ്ങുന്നുവെങ്കിൽ നിർബന്ധമായും രണ്ട് മണിക്കൂർ കൂടുമ്പോൾ കുഞ്ഞിനെ ഉണർത്തി മുലയൂട്ടേണ്ടതാണ്. മുലയൂട്ടലിനിടയിൽ കുഞ്ഞ് മയങ്ങിപ്പോകുന്നത് സ്വാഭാവികമാണ്. ഈ സമയത്ത് ചെവിക്ക് പുറകിലോ കാലിനു ഇടയിലോ മൃദുവായി ഉരസി കുഞ്ഞിനെ ഉണർത്തി മുലയൂട്ടൽ തുടരേണ്ടതാണ്. ഒരു മുലയിൽ നിന്നും കുറഞ്ഞത് 20 മുതൽ 30 മിനിറ്റ് വരെ മുലയൂട്ടേണ്ടതാണ്. അതിനു ശേഷമേ അടുത്ത മുലയിൽ നിന്നും പാൽ നൽകാവൂ.

ആദ്യത്തെ ആറുമാസക്കാലം കുഞ്ഞിന് മുലപ്പാൽ മാത്രം നൽകുക. ആറ് മാസത്തിന് ശേഷം ദഹിക്കാവുന്ന മറ്റ് ആഹാരങ്ങൾ നൽകി തുടങ്ങാം. കുഞ്ഞ് ഒരു വയസ്സാകുമ്പോൾ വീട്ടിലെ മറ്റംഗങ്ങൾ കഴിയ്ക്കുന്ന എല്ലാ ആഹാരങ്ങളും കുഞ്ഞിന് പരിചയപ്പെടുത്താവുന്നതാണ്. കുഞ്ഞിന് ആവശ്യമായ പോഷകങ്ങൾ ശരിയായ അളവിൽ ലഭിക്കുന്നതിന് ഇത് സഹായിക്കും. കുഞ്ഞിന് 2 വയസു വരെയെങ്കിലും മുലയൂട്ടുന്നത് വളരെ നല്ലതാണ്.

### മുലപ്പാൽ പലതരമോ?

പ്രസവം കഴിഞ്ഞ ഉടനെ അമ്മയുടെ സ്തനങ്ങളിൽ നിന്നും ആദ്യ മണിക്കൂറുകളിൽ ഊറി വരുന്ന പാലിന് ഒരു മഞ്ഞ കലർന്ന നിറമായിരിക്കും (കൊളസ്ട്രം). രോഗപ്രതിരോധശേഷി നൽകുന്ന ആന്റിബോഡികൾ അടങ്ങിയ ഈ പാൽ ഒരു കാരണവശാലും കുഞ്ഞിന് നിഷേധിക്കരുത്. മാസം തികയാതെ ജനിക്കുന്ന കുട്ടികൾക്ക് പോലും കൊളസ്ട്രം ചുണ്ടുകളിൽ തേച്ചു നൽകുന്നത് പ്രയോജനം ചെയ്യും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പ്രസവം കഴിഞ്ഞ രണ്ടാം ദിവസം മുതൽ മുലപ്പാലിന്റെ നിറം സാധാരണ നിലയിലേയ്ക്ക് എത്തുകയും കുഞ്ഞ് വലിച്ചു കുടിക്കുന്നതിന് അനുസരിച്ച് പാൽ ഉണ്ടാക്കുകയും ചെയ്യും.

ഇങ്ങനെ ഉണ്ടാകുന്ന പാലിനെ രണ്ടായി തിരിച്ചിരിക്കുന്നു. കുഞ്ഞ് കുടിക്കുമ്പോൾ ആദ്യം വരുന്ന പാൽ മുൻപാൽ (Foremilk) കട്ടി കുറഞ്ഞതും ജലാംശം കൂടുതൽ ഉള്ളതും ആയിരിക്കും. ഇത് കുഞ്ഞിന്റെ ദാഹം ശമിപ്പിക്കുന്നതിന് സഹായിക്കുന്നു. തുടർന്ന് വരുന്ന കട്ടിയുള്ള പാലിനെ പിൻപാൽ (Hindmilk) എന്ന് പറയുന്നു. കുഞ്ഞിന്റെ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങളും പ്രോട്ടീനും ഇതിൽ അടങ്ങിയിരിയ്ക്കുന്നു. കുഞ്ഞിന്റെ തൂക്കം കൂട്ടുന്നതിനും സഹായിക്കുന്നു. കുഞ്ഞുങ്ങളെ മുലയൂട്ടുമ്പോൾ ഒരു സമയം ഒരു മുലയിൽ നിന്നും പൂർണ്ണമായി പാലു നൽകിയതിനു ശേഷമേ അടുത്ത മുലയിൽ നിന്നും നൽകാവൂ എന്ന് ആരോഗ്യ പ്രവർത്തകർ നിർദ്ദേശിക്കുന്നത്. മുൻപാലു മാത്രം കുടിയ്ക്കുന്ന കുഞ്ഞിന് ആവശ്യമായ തൂക്കം ഉണ്ടാകുന്നില്ല.

മാത്രമല്ല മുൻപാലിൽ കൂടുതലായി അടങ്ങിയിരിക്കുന്ന ലാക്ടോസ്, ചില സമയങ്ങളിൽ കുഞ്ഞിന് വയറിൽ ഗ്യാസ് ഉത്പാദിപ്പിക്കാൻ കാരണമാകും. കുഞ്ഞിന് വയറുവേദന ഉണ്ടാക്കുകയും കരയുകയും ഛർദ്ദിക്കുകയും ചെയ്യും. കുഞ്ഞ് വിശന്നു കരയുന്നു എന്ന് കരുതി അമ്മമാർ വീണ്ടും പാലൂട്ടുന്നത് മുൻപാൽ തന്നെ വീണ്ടും വയറ്റിലെത്തുന്നതിനും പ്രശ്നം രൂക്ഷമാകാനും സാധ്യതയുണ്ട്. പാലൂട്ടിയാൽ ഉടൻ തന്നെ കുഞ്ഞിനെ തോളിൽ കിടത്തി പുറത്ത് മൃദുവായി തട്ടി (Burping) ഗ്യാസ് കളയേണ്ടതാണ്. (കുഞ്ഞ് ഏമ്പക്കം വിടുന്നത് കേൾക്കാം)

### മുലയൂട്ടലിന്റെ പ്രയോജനങ്ങൾ

മുലയൂട്ടൽ അമ്മയ്ക്കും കുഞ്ഞിനും നൽകുന്ന പ്രയോജനങ്ങളും ഏറെയാണ്. കുഞ്ഞുങ്ങളുടെ ബുദ്ധി വികാസത്തിനും, മാരകമായ പല രോഗങ്ങളിൽ നിന്നും കുഞ്ഞിനെ രക്ഷിയ്ക്കുന്നതിനും മുലയൂട്ടൽ സഹായിക്കുന്നു. ശ്വാസകോശ സംബന്ധമായ അണുബാധകൾ, ചെവിയിലെ അണുബാധകൾ, വയറിളക്കം പോലെയുള്ള രോഗങ്ങളും, അലർജികൾ, പ്രമേഹം പോലെയുള്ള ദീർഘകാല രോഗങ്ങളും ഉണ്ടാകുന്നതിൽ നിന്ന് കുഞ്ഞിനെ രക്ഷിയ്ക്കാൻ മുലയൂട്ടൽ സഹായിക്കുന്നു. കുഞ്ഞുങ്ങളിലെ അമിതവണ്ണത്തിനുള്ള സാധ്യതയും കുറയ്ക്കുന്നു. ആത്യന്തികമായി ശിശു മരണനിരക്ക് കുറയ്ക്കാൻ സാധിക്കുന്നു.

മുലയൂട്ടുന്ന അമ്മമാർക്കും ഒട്ടേറെ പ്രയോജനങ്ങൾ ഉണ്ട്. പ്രസവാനന്തര രക്തമൊഴുക്ക് തടയുന്നതിനും ഗർഭാശയ സങ്കോചം വേഗത്തിലാക്കാനും സഹായിക്കുന്നു. ഗർഭാശയ-അണ്ഡാശയ, സ്തനാർബുദ സാധ്യത കുറയ്ക്കുന്നതിനോടൊപ്പം ജീവിത ശൈലീ രോഗങ്ങളുടെ സാധ്യതയും കുറയ്ക്കുന്നു. മുലയൂട്ടൽ ഒരു നല്ല ഗർഭാസൂത്രണ മാർഗ്ഗമായും കരുതപ്പെടുന്നു. മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരികമായ ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനും മുലയൂട്ടൽ വലിയ പ്രാധാന്യമുണ്ട്. മുലയൂട്ടലിലൂടെ കുടുംബത്തിന് സാമ്പത്തിക ലാഭം നൽകുന്നു, എന്നതും ചെറിയ കാര്യമല്ല. കുഞ്ഞിന് എവിടെ വെച്ചും ഇപ്പോഴും നൽകാം എന്നതും മുലയൂട്ടലിന്റെ പ്രയോജനം തന്നെയാണ്.

### മാസം തികയാതെ ജനിയ്ക്കുന്ന കുഞ്ഞുങ്ങൾക്ക് മുലയൂട്ടാമോ?

മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് മിക്കവാറും മുലക്കണ്ണ് വലിക്കുന്നതിനുള്ള ശക്തി ഉണ്ടായിരിക്കില്ല. ഈ കുഞ്ഞുങ്ങൾക്ക് ആദ്യകാലങ്ങളിൽ മുലപ്പാൽ പിഴിഞ്ഞെടുത്ത് നൽകേണ്ടതായി വരും. നിശ്ചിത തൂക്കം ആകുന്നതുവരെ പിഴിഞ്ഞെടുത്ത പാൽ കുഞ്ഞുങ്ങൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. കുഞ്ഞുങ്ങളെ അണുബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് ഇത് സഹായകമാകും.

### 2024 മുലയൂട്ടൽ വാരാഘോഷം

മുലയൂട്ടലിന്റെ പ്രാധാന്യം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആചരിക്കപ്പെടുന്ന ആഗസ്റ്റ് മാസത്തിലെ ആദ്യ ആഴ്ച്ചയിലെ ഈ ആഘോഷം 2024ലും നമ്മൾ വരവേൽക്കുകയാണ്. മുലപ്പാൽ കുഞ്ഞിന്റെ ജന്മാവകാശമാണ്. 'പഴുതു കളടച്ച്, മുലയൂട്ടലിന് എല്ലാവരേയും സഹായിക്കുക' (Closing the gap, Breast feeding support for all) എന്നതാണ് 2024 ലെ ആശയം. മുലയൂട്ടൽ എന്നത് അമ്മയുടെ മാത്രം ഉത്തരവാദിത്വം അല്ലെന്നും ചുറ്റുമുള്ള പങ്കാളിയും, കുടുംബവും സമൂഹവും അതിനായി സഹകരിക്കണമെന്നും നമുക്കോർക്കാം.





## അമ്മയുടെ സ്നേഹം മുലപ്പാലിലൂടെ...

**മുലപ്പാൽ കുഞ്ഞിന്റെ ജന്മാവകാശം..**

**മുലയൂട്ടൽ**

- കുഞ്ഞിന്റെ ശരീരോഷ്മാവ് നിലനിർത്തുന്നു.
- കുഞ്ഞിന് രോഗപ്രതിരോധശേഷി നൽകുന്നു.
- കുഞ്ഞിന്റെ ബുദ്ധി വികാസത്തിന് ഉത്തമം.
- കുഞ്ഞിന്റെ തൂക്കവും ആരോഗ്യവും വർദ്ധിപ്പിക്കുന്നു.
- കുഞ്ഞിന്റെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിലനിർത്തുന്നു.

# നയനപഥം 514 പേർക്ക് വെളിച്ചമേകി




സഞ്ചരിക്കുന്ന നേത്ര രോഗ വിഭാഗം

ആലപ്പുഴ : ജനറൽ ആശുപത്രിയിൽ ദേശിയ അന്ധത നിവാരണ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 2022 ഒക്ടോബർ മുതൽ 2024 ജൂൺ വരെ 514 തിമിര ശസ്ത്രക്രിയകൾ പൂർത്തീകരിച്ചു. 'നയനപഥം' എന്ന പേരിൽ സഞ്ചരിക്കുന്ന നേത്ര രോഗ വിഭാഗം, കാഴ്ച പരിമിതരെ കണ്ടെത്തി സൗജന്യ ചികിത്സ നൽകുന്നതാണ് പദ്ധതി. ജില്ലയിലെ വിവിധയിടങ്ങളിൽ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. തിമിരം കണ്ടെത്തിയവർക്കുള്ള ഓപ്പറേഷൻ എല്ലാ വെള്ളിയാഴ്ചകളിലും ആശുപത്രികളിൽ നടത്തും. സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിലെ ഡോ. നവജീവനാണ് തിമിര ശാസ്ത്രക്രിയ്ക്കു നേതൃത്വം നൽകുന്നത്.

എറണാകുളം ജനറൽ ആശുപത്രിയിൽ

# നൂറ്റിനാലുകാരിക്ക് ഇടുപ്പെല്ല് ശസ്ത്രക്രിയ



നൂറ്റിനാലുകാരിക്ക് ഇടുപ്പെല്ല് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ എറണാകുളം ജനറൽ ആശുപത്രി ടീം

എറണാകുളം: വീഴ്ചയിൽ ഇടുപ്പെല്ലിന് ഗുരുതര പരിക്കേറ്റ നൂറ്റിനാലുകാരിക്ക് വിജയകരമായി ശസ്ത്രക്രിയ ചെയ്ത് എറണാകുളം ജനറൽ ആശുപത്രിയിലെ ഡോക്ടർമാർ. എറണാകുളം സ്വദേശിനി തുളസിക്കാണ് ശസ്ത്രക്രിയ നടത്തിയത്.

ഇത്തരം ശസ്ത്രക്രിയകളിൽ പ്രായം പ്രധാന ഘടകമാണ് രോഗിയുടെ ആരോഗ്യസ്ഥിതി കൃത്യമായി ഡോക്ടർമാരുടെ സംഘം പരിശോധിച്ചു വിലയിരുത്തിയ ശേഷമാണ് സൂപ്രണ്ട് ഡോ ഷഹിർ ഷാ ശസ്ത്രക്രിയക്ക് അനുമതി നൽകിയത്. സാധാരണയായി ഇത്തരം ഘട്ടങ്ങളിൽ രോഗിയോ ബന്ധുക്കളോ ശസ്ത്രക്രിയക്ക് സമ്മതം നൽകാറില്ല. എന്നാൽ ബന്ധുക്കൾ ആത്മവിശ്വാസത്തോടെ മുന്നോട്ടുവന്നപ്പോൾ ടീം ശസ്ത്രക്രിയയ്ക്ക് തയ്യാറാവുകയായിരുന്നു.

ഡോ കെ രാജേഷ്, ഡോ മനു പി വിശ്വം, ഡോ ഷേർളി എന്നിവരുടെ നേതൃത്വത്തിൽ നേഴ്സുമാരും ടെക്നീഷ്യന്മാരും അടങ്ങിയ സംഘമാണ് ശസ്ത്രക്രിയ പൂർത്തിയാക്കിയത്.

# വയനാട് മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ



വയനാട് മെഡിക്കൽ കോളേജിൽ നവജാതശിശുക്കൾക്കായി ഒരുക്കിയിരിക്കുന്ന ആധുനിക സൗകര്യങ്ങൾ.

കൽപ്പറ്റ: സംസ്ഥാനത്തെ ഒരു സർക്കാർ ആശുപത്രിക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം. വയനാട് മെഡിക്കൽ കോളേജ് (മാനന്തവാടി ജില്ലാ ആശുപത്രി) 95 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയെടുത്തു. നേരത്തെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് 96 ശതമാനം സ്കോറോടെ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചിരുന്നു. ഇതോടെ സംസ്ഥാനത്തെ 2 ആശുപത്രികൾക്ക് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചു. കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് മുസ്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം ഉൾപ്പെടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. എസ്.എൻ.സി.യു, എൻ.ബി.എസ്.യു, പ്രസവാനന്തര വാർഡ്, പീഡിയാട്രിക് ഒ.പി.ഡി എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് മുസ്കാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സിൽ (എൻ.ക്യു.എ.എസ്) ഏറ്റവും ഉയർന്ന സ്കോർ നേടിയ (99) മലപ്പുറം കോട്ടയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തെ അടുത്തിടെ രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിരുന്നു. സംസ്ഥാനത്ത് ഇതുവരെ ആകെ 175 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും 76 ആശുപത്രികൾക്ക് പുനഃഅംഗീകാരവും ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെയും തദ്ദേശ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ കൂടി ഗുണനിലവാരം ഉറപ്പാക്കാനായുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.



കേരളപാലിയേറ്റീവ് കെയർ പഠിക്കുവാനായി ഛത്തീസ്ഗഡിൽ നിന്നും തൊടുപുഴ ജില്ലാ ആശുപത്രിയിൽ എത്തിയ പന്ത്രണ്ടംഗ സംഘം

# തൊടുപുഴ ടു ഛത്തീസ്ഗഡ്


### പാലിയേറ്റീവ് പരിചരണത്തിലെ കേരള മോഡൽ

തൊടുപുഴ : ലോകത്തിനു തന്നെ മാതൃകയായ കേരള പാലിയേറ്റീവ് കെയർ പഠിക്കുവാനായി ഛത്തീസ്ഗഡിൽ നിന്നും ഉള്ള പന്ത്രണ്ടംഗ സംഘം തൊടുപുഴ ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ പാലീയേറ്റീവ് കെയർ പരിശീലന കേന്ദ്രത്തിൽ എത്തി. 10 ദിവസത്തെ പാലിയേറ്റീവ് കെയർ ഫൗണ്ടേഷൻ കോഴ്സ് ചെയ്യുവാനാണ് സംഘം എത്തിയത്. 10 ഡോക്ടർമാരും രണ്ട് സ്റ്റാഫ് നേഴ്സും അടങ്ങുന്ന സംഘം നാഷണൽ ആയുഷ് മിഷൻ പദ്ധതി വഴിയാണ് എത്തിയത്. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ആശുപത്രി സൂപ്രണ്ട് ഡോ.അജി പി എൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശരത് ജി റാവു നിർവഹിച്ചു. ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ജോർജ് മാത്യു മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാനത്ത് ആദ്യമായി ആയുർവ്വേദ പാലിയേറ്റീവ് കെയർ തുടങ്ങിയ ജില്ലയാണ് ഇടുക്കി.

അലോപ്പതി, ആയുർവ്വേദ, ഹോമിയോ, പാലിയേറ്റീവ് കെയർ മേഖലയിൽ കേരളത്തിനു തന്നെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ജില്ലയായതിനാലാണ് പരിശീലനകേന്ദ്രമായി ജില്ലാ ആശുപത്രി തൊടുപുഴയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് ജില്ലാ പരിശീലനകേന്ദ്രത്തെ ഇവർ പരിശീലനകേന്ദ്രമായി തിരഞ്ഞെടുത്തത്. 5 ദിവസത്തെ തിയറിയും, ഹോം കെയർ പരിശീലനവുമാണ് ഇവർക്കായി നടത്തുന്നത്.

ആദ്യമായാണ് മറ്റ് സംസ്ഥാനത്തിൽ നിന്നുമുള്ള ആയുർവേദ സംഘം പാലിയേറ്റീവ് കെയർ കോഴ്സ് ചെയ്യുവാനായി എത്തുന്നത്. കേരളത്തിലെ ആരോഗ്യമേഖല, പ്രത്യേകിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു നല്ല മാതൃകയാണെന്ന് പരിശീലനത്തിലുള്ളവർ അഭിപ്രായപ്പെട്ടു. കേരള പാലിയേറ്റീവ് കെയർ മോഡൽ ആക്കികൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഛത്തീസ്ഗഡിൽ ആരംഭിക്കുമെന്ന് സംഘം അറിയിച്ചു.


ആരോഗ്യ മേഖലയിലെ അലോപ്പതി, ആയുർവേദ വിഭാഗങ്ങളുടെ ഏകോപനം ഈ പരിശിലനപരിപാടിയുടെ വിജയത്തിൽ മുഖ്യ പങ്കുവഹിച്ചു. ഈ വിഭാഗങ്ങളിലെ സംസ്ഥാന ജില്ലാതല ഉദ്യാഗസ്ഥർ പരിശീലന പരിപാടിയുടെ ഭാഗമായി.



## അമീബിക് മസ്തിഷ്ക ജ്വരം

# 14 വയസുകാരന് രോഗമുക്തി

### ഈ രോഗം ബാധിച്ച ഒരാൾ രോഗമുക്തി നേടുന്നത് രാജ്യത്ത് അപൂർവമായി



തിരുവനന്തപുരം: അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് (മസ്തിഷ്ക ജ്വരം) ബാധിച്ച് ചികിത്സയിലായിരുന്ന 14 വയസുകാരൻ രോഗമുക്തി നേടി. കോഴിക്കോട് മേലടി സ്വദേശിയായ കുട്ടിക്കാണ് രോഗം ഭേദമായത്. രാജ്യത്ത് തന്നെ അപൂർവമായാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച ഒരാൾ രോഗമുക്തി നേടുന്നത്. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. 97% മരണ നിരക്കുള്ള രോഗത്തിൽ നിന്നാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിച്ചത്. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രത്യേക ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേലടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ കുട്ടിയുടെ രോഗ ലക്ഷണങ്ങൾ മസ്തിഷ്ക ജ്വരത്തിന്റേതാകാം എന്ന് സംശയം പ്രകടിപ്പിക്കുകയും അപകട സാധ്യതകൾ അറിയിക്കുകയും ചെയ്തു. അന്നേ ദിവസം തന്നെ കുട്ടിയ്ക്ക് അപസ്മാരം ഉണ്ടാകുകയും കോഴിക്കോടുള്ള സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. കുട്ടിയ്ക്ക് വേണ്ടി ആരോഗ്യ വകുപ്പ് Miltefosine മരുന്ന് പ്രത്യേകമായി എത്തിച്ച് നൽകുകയും ചെയ്തു. മൂന്നാഴ്ച നീണ്ട ചികിത്സയ്ക്കൊടുവിലാണ് രോഗമുക്തി നേടിയത്. നേരത്തെ തന്നെ രോഗം കണ്ടെത്താൻ സാധിച്ചതും, ലഭ്യമായ ചികിത്സകൾ മുഴുവനും കുട്ടിയ്ക്ക് ഉറപ്പ് വരുത്താൻ സാധിച്ചതും കൊണ്ടാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. ജൂലൈ അഞ്ചാം തീയതി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം കൂടുകയും, അപൂർവ രോഗമായ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ചേർന്ന് പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം സ്ഥിരീകരിക്കാനുള്ള മോളിക്യുലർ പരിശോധനാ സംവിധാനങ്ങൾ ഒരുക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മേയ് 28-ന് ആരോഗ്യവകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ വിദഗ്ധരുടെ നേതൃത്വത്തിൽ ചികിത്സാ മാർഗനിർദേശങ്ങൾ തയാറാക്കുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് ജൂലൈ 20-ന് അമീബിക് മസ്തിഷ്ക ജ്വരത്തിന് ചികിത്സാ മാർഗരേഖ പുറത്തിറക്കുകയും ചെയ്തു. രാജ്യത്ത് തന്നെ ആദ്യമായാണ് അമീബിക് മസ്തിഷ്ക ജ്വരത്തിന് സമഗ്ര മാർഗരേഖ പുറത്തിറക്കിയത്.

വിവാ ക്യാമ്പയിൻ

# പരിശോധന പൂർത്തീകരിച്ച ആദ്യ പഞ്ചായത്ത് പിലിക്കോട്



വിളർച്ച പരിശോധന 100% പൂർത്തിയാക്കിയ പിലിക്കോട് പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകർ

**ജനകീയ കൂട്ടായ്മയിലൂടെ മുൻകാലങ്ങളിൽ ശുചിത്വ മേഖലയിലും ഊർജ്ജ സംരക്ഷണ മേഖലയിലും രാജ്യത്തിനാകെ മാതൃകയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത്**

കാസർഗോഡ്: അനീമിയ അഥവാ വിളർച്ച എന്ന രോഗത്തിനെതിരെ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രതിരോധ ഇടപെടലാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന വിവാ ക്യാമ്പയിൻ. സ്ത്രീകൾക്കിടയിലെ രക്തക്കുറവ് അഥവാ അനീമിയയെ നേരത്തെ കണ്ടെത്താനും ചികിത്സകൾ ലഭ്യമാക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതിയിൽ 15 നും 59 നും ഇടയിൽ പ്രായമുള്ള സ്ത്രീകളെയാണ് ഹീമോഗ്ലോബിൻ പരിശോധനയ്ക്ക് വിധേയരാക്കുന്നത്.

ഈ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ കൃത്യമായ ആസൂത്രണത്തോടെ സമയബന്ധിതമായി നടപ്പിലാക്കിയിരിക്കുകയാണ് പിലിക്കോട് ഗ്രാമപഞ്ചായത്ത്. വിളർച്ച പരിശോധന 100% പൂർത്തിയാക്കിയ ജില്ലയിലെ ആദ്യ പഞ്ചായത്ത് എന്ന പ്രഖ്യാപനവും ഇതിനായി പ്രവർത്തിച്ച ആരോഗ്യ പ്രവർത്തകർക്കുള്ള ആദരവും കാലിക്കടവ് കരക്കക്കാവ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ പ്രവർത്തകരെ ഉപഹാരം നൽകി ആദരിച്ചത് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മാധവൻ മണിയറയാണ്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.വി.രാംദാസ് മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡ് പി.കെ ലക്ഷ്മി, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. കൃഷ്ണൻ, ഗ്രാമപഞ്ചായത്ത് സ്ഥിരം അധ്യക്ഷന്മാരായ സി.വി.ചന്ദ്രമതി, കെ.വി. വിജയൻ, സലോചന വി.വി, ബ്ലോക്ക് പഞ്ചായത്ത് അംഗം സുജാത എം. വി, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ രേഷ്ണ. പി, രവീന്ദ്രൻ മാണിയാട്ട്, റഹീന പി. കെ , ജില്ലാ എഡ്യുക്കേഷൻ & മീഡിയ ഓഫീസർ അബ്ദുൾ ലത്തീഫ് മഠത്തിൽ എന്നിവർ ആശംസകൾ നേർന്നു. സി.വി. സുരേഷ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ പി.വി മഹേഷ് കുമാർ സ്വാഗതവും പബ്ലിക്ക് ഹെൽത്ത് നഴ്സ് വിനോദിനി. കെ. നന്ദിയും പറഞ്ഞു.

ജനകീയ കൂട്ടായ്മയിലൂടെ മുൻകാലങ്ങളിൽ ശുചിത്വ മേഖലയിലും ഊർജ്ജ സംരക്ഷണ മേഖലയിലും രാജ്യത്തിനാകെ മാതൃകയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഗ്രാമ പഞ്ചായത്ത് പൊതുജനാരോഗ്യ മേഖലയിൽ നടത്തിവരുന്ന സമഗ്ര ഇടപെടലുകളുടെ തുടർച്ച തന്നെയാണ് വിവ ക്യാമ്പയിനിലൂടെയും നടത്തിയത്.

15 നും 59 നും ഇടയിൽ പ്രായമുള്ള 8453 സ്ത്രീകളാണ് പിലിക്കോട് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഇവരെ എല്ലാവരെയും Hb പരിശോധന നടത്തുവാനും വിളർച്ച ബാധിതർ എന്ന് കണ്ടെത്തുന്നവർക്ക് ചികിത്സ നൽകുവാനുമാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

ഇതിനായി പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ കൺവീനറായും ജനപ്രതിനിധികൾആരോഗ്യപ്രവർത്തകർ, സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ കമ്മിറ്റി രൂപീകരിച്ചു. വാർഡ് തലത്തിൽ വാർഡ് തല ശുചിത്വ പോഷണ സമിതികൾ ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് തല സമിതി നിർദ്ദേശം നൽകി. ഓരോ വാർഡിലും 50 വീടുകൾ കേന്ദ്രീകരിച്ച് 'വിവാ അയൽ സഭകൾ' രൂപീകരിക്കുകയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ വാർഡുകളിലും സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ ഓലാട്ട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഹീമോഗ്ലോബിൻ പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ചു. ജനങ്ങളുടെ സൗകര്യാർത്ഥം രാത്രികളിൽ പോലും ക്യാമ്പുകൾ സംഘടിപ്പിക്കുന്ന പ്രവർത്തനം ആരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും ഏറ്റെടുത്തു. നിരന്തരമായ ബോധവത്ക്കരണത്തിലൂടെയും മറ്റ് ഇടപെടലുകളിലൂടെയും 15 നും 59 നും ഇടയിൽ പ്രായമുള്ള 8453 പേരിൽ 8318 പേരുടെ ഹീമോഗ്ലോബിൻ പരിശോധന ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കുകയും പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. അനീമിയ കണ്ടെത്തിയവർക്ക് ഓലാട്ട് കുടുംബാരോഗ്യ കേന്ദ്രം വഴി അയൺ ഗുളികകൾ ലഭ്യമാക്കുകയും അവരുടെ തുടർ പരിശോധന ഉറപ്പാക്കുകയും ചെയ്തു വരുന്നു.

കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇലക്കറികളുടെ അടുക്കളത്തോട്ടം എന്ന പദ്ധതി വിളർച്ച വിമുക്ത പഞ്ചായത്തിന്റെ ഭാഗമായി നടപ്പിലാക്കാനാണ് തുടർ പ്രവർത്തനമായി ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

# ക്യൂബയുമായി സഹകരണം

## ക്യൂബൻ അംബാസഡർ ഇൻ ചാർജ് മന്ത്രി വീണാ ജോർജുമായി ചർച്ച നടത്തി



തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ആരോഗ്യ മന്ത്രി ഉൾപ്പെട്ട സംഘം കഴിഞ്ഞ വർഷം നടത്തിയ ക്യൂബ സന്ദർശന വേളയിൽ ആരോഗ്യ മേഖലയിലും ആയുർവേദ രംഗത്തും തുടങ്ങി വച്ച സഹകരണം ശക്തിപ്പെടുത്തും. റിപ്പബ്ലിക് ഓഫ് ക്യൂബയുടെ അംബാസഡർ ഇൻ ചാർജ് അബെ അബെല്ല ഡെസ്പെയിൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ നിയമസഭാ ഓഫീസിൽ സന്ദർശിച്ച് ചർച്ച നടത്തി. വിവിധ സബ് ഗ്രൂപ്പുകളായി ക്യൂബയിലും കേരളത്തിലുമായി ചർച്ചകൾ മുന്നോട്ട് കൊണ്ട് പോകും. ഇതിനായി ക്യൂബൻ എംബസിയുടെ പൂർണ പിന്തുണ ഉറപ്പ് നൽകി. കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ അംബാസഡർ ഇൻ ചാർജ് അഭിനന്ദിച്ചു.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ ക്യൂബൻ സന്ദർശനത്തിന് പിന്നാലെ മന്ത്രി വീണാ ജോർജുമായി ക്യൂബൻ അംബാസഡർ ചർച്ച നടത്തിയിരുന്നു. കുടുംബ ഡോക്ടർ പദ്ധതി, റഫറൽ സംവിധാനങ്ങൾ, വാക്സിൻ, മരുന്ന് ഉത്പാദനം, ജീവിതശൈലീ രോഗ നിയന്ത്രണം, കാൻസർ, ഡയബറ്റിക് ഫൂട്ട്, മെഡിക്കൽ വിദ്യാഭ്യാസം, ആയുർവേദം എന്നീ മേഖലകളിൽ സഹകരിക്കാൻ തീരുമാനിച്ചിരുന്നു.

കേരളം ആരോഗ്യ രംഗത്ത് നവീന പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. കോവിഡ്, നിപ, മങ്കിപോക്സ് തുടങ്ങിയ പകർച്ച വ്യാധികളെ ഫലപ്രദമായി പ്രതിരോധിച്ചു. ആരോഗ്യ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കി വരുന്നു. കാൻസറിന് സർക്കാർ മേഖലയിൽ റോബോട്ടിക് സർജറി യാഥാർത്ഥ്യമാക്കി. ആരോഗ്യ മേഖലയിൽ നിർമ്മിത ബുദ്ധി നടപ്പിലാക്കി. ജി ഗൈറ്റർ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ ജില്ലാതല ആശുപത്രിയായി തിരുവനന്തപുരം ജനറൽ ആശുപത്രി മാറി. സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കി. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചു. ഗവേഷണ രംഗത്തും വലിയ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കേരളത്തിന്റെ ഗവേഷണങ്ങൾ അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# മാതൃകയായി വീണ്ടും ഒഴലപ്പതി

## കുടുംബാരോഗ്യ കേന്ദ്രം

തിരുവനന്തപുരം: പാലക്കാട് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപമുള്ള അനുപ്പൂരിൽ അതിഥി തൊഴിലാളിയായ അമ്മയ്ക്കും കുഞ്ഞിനും കരുതലൊരുക്കി ആരോഗ്യ വകുപ്പ് ജീവനക്കാർ. പ്രസവത്തിന് 20 ദിവസം ബാക്കിയിരിക്കെ തൊഴിലിടത്തിൽ വെച്ച് പ്രസവിച്ച യുവതിയ്ക്കാണ് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ ഒറ്റക്കെട്ടായി കരുതലൊരുക്കിയത്. ചിറ്റൂർ താലൂക്കാശുപത്രിയിൽ ചികിത്സയിലുള്ള അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു. മാതൃകാപരമായ പ്രവർത്തനത്തിലൂടെ അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ രക്ഷിച്ച ആരോഗ്യ പ്രവർത്തകരെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

പാലക്കാട് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം നേരത്തേയും രാജ്യ ശ്രദ്ധ നേടിയിരുന്നു. രാജ്യത്തെ ആദ്യ രണ്ട് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളിലൊന്നാണ് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം. മറ്റൊന്ന് കേരളത്തിലെ തന്നെ കക്കോടിയും. 2022 കായകൽപ്പ് അവാർഡ്, കാഷ് അക്രഡിറ്റേഷൻ, എൻ.ക്യൂ.എ.എസ്, ഐ.എ.സ്.ഒ സർട്ടിഫിക്കേഷൻ തുടങ്ങിയ അംഗീകാരങ്ങൾ നേടിയ സ്ഥാപനം കൂടിയാണ് ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം.

കർണാടക സ്വദേശിയായ 26 കാരിയ്ക്കാണ് ആരോഗ്യ പ്രവർത്തകർ തുണയായത്. ഗർഭിണിയായപ്പോൾ



കർണാടകയിലാണ് രജിസ്റ്റർ ചെയ്തത്. തോട്ടം ജോലിയ്ക്കായാണ് പാലക്കാട് അനുപ്പൂരിലെത്തിയത്. തുടർപരിചരണത്തിനായി അവർ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെത്തി. ആരോഗ്യവതിയായ ഗർഭിണിയ്ക്ക് ഈ മാസം 24-നായിരുന്നു പ്രസവ തീയതി. ആശ പ്രവർത്തക, അങ്കണവാടി പ്രവർത്തക, ജെ.പി. എച്ച്.എൻ. എന്നിവർ ഇവരെ കൃത്യമായി മോണിറ്റർ ചെയ്തു.

പ്രസവം കർണാടകയിൽ വച്ച് നടത്താനായി നാട്ടിൽ പോകാൻ ഇരുന്നതാണ്. അതിനിടയ്ക്ക് കഴിഞ്ഞ ദിവസം രാവിലെ തൊഴിലിടത്തിൽ വച്ച് പെട്ടെന്ന് യുവതിയ്ക്ക് പ്രസവ വേദന അനുഭവപ്പെടുകയും പ്രസവിക്കുകയും ചെയ്തു. തൊഴിലിടത്തെ സൂപ്പർവൈസർ ഇക്കാര്യം ആശാ പ്രവർത്തകയെ അറിയിച്ചു. വിവരമറിഞ്ഞ് ഉടനെത്തിയ ആശാ പ്രവർത്തക കാണുന്നത് പൊക്കിൾ കൊടി ബന്ധം വേർപെടുത്താൻ കഴിയാതെ നിസ്സഹായാവസ്ഥയിലുള്ള അമ്മയെയും കുഞ്ഞിനെയുമാണ്. ഉടൻ തന്നെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തെ വിവരമറിയിച്ചു.

മെഡിക്കൽ ഓഫീസർ കനിവ് 108 ആംബുലൻസ് വിളിച്ച് വേണ്ട സജ്ജീകരണങ്ങളൊരുക്കി. ഉടൻ തന്നെ കുടുംബാരോഗ്യ കേന്ദ്രത്തിലുണ്ടായിരുന്ന സ്റ്റാഫ് നഴ്സ്, എം.എൽ.എസ്.പി, ജെ.എച്ച്.ഐ എന്നിവർ സ്ഥലത്തെത്തി പ്രാഥമിക ശുശ്രൂഷ നൽകാൻ വേണ്ട ക്രമീകരണങ്ങൾ നടത്തി. തൊട്ട് പിന്നാലെ മെഡിക്കൽ ഓഫീസറും പബ്ലിക് ഹെൽത്ത് നഴ്സും സ്ഥലത്തെത്തി. പൊക്കിൾക്കൊടി വേർപെടുത്തി അമ്മയേയും കുഞ്ഞിനേയും കനിവ് 108 ആംബുലൻസിൽ ചിറ്റൂർ താലൂക്കാശുപത്രിയിലെത്തിച്ചു. ജെ.പി.എച്ച്.എൻ, ആശാ പ്രവർത്തക, അങ്കണവാടി വർക്കർ എന്നിവർ വൈകുന്നേരം വരെ അമ്മയ്ക്കും കുഞ്ഞിനും വേണ്ട സൗകര്യങ്ങൾ നൽകി. പ്രസവിച്ച യുവതിയുടെ ആത്മധൈര്യം നിലനിർത്താൻ അവരുടെ ഭാഷ അനായാസം കൈകാര്യം ചെയ്ത എം.എൽ.എസ്.പിയിലൂടെ സാധിച്ചു.

ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. കിരൺ രാജീവ്, പബ്ലിക് ഹെൽത്ത് നഴ്സ് ഹാജിറ, സ്റ്റാഫ് നഴ്സ് ലാവണ്യ, എം.എൽ.എസ്.പി അനിഷ, ജെ.എച്ച്.ഐ സ്റ്റാൻലി, ജെ.പി.എച്ച്.എൻ സൗമ്യ, ആശാ പ്രവർത്തക ജ്യോതി പ്രിയ, അങ്കണവാടി വർക്കർ സുശീല, കനിവ് 108 ജീവനക്കാർ എന്നിവരാണ് ഈ ദൗത്യത്തിൽ പങ്കാളികളായത്.

# അവയവ ദാനത്തിൽ മാതൃക



## ആറ് പേർക്ക് ജീവിതം നൽകി ഡാലിയ ടീച്ചർ


**പൂർണ വിജയമായ ശസ്ത്രക്രിയക്ക് ശേഷം ടീച്ചറിന്റെ അന്ത്യ കർമ്മങ്ങൾക്ക് മുൻപേ ആ ഹൃദയം 12 വയസ്സുകാരിയിൽ മിടിച്ചു തുടങ്ങി**

കരുനാഗപ്പള്ളി: കൊല്ലം കരുനാഗപ്പള്ളി സ്വദേശിയായ ഡാലിയ ടീച്ചറിനെ മരണത്തിനു പോലും കൊഴിഞ്ഞു വീഴ്ത്താനായില്ല, മരണത്തിനപ്പുറവും ആ ഡാലിയ ആറു പേരിലൂടെ ഇന്നും വിരിഞ്ഞു നിൽക്കുന്നു. തന്റെ അദ്ധ്യാപന ജീവിതത്തിൽ ഒരുപാടു പേർക്ക് അറിവിന്റെ വെളിച്ചം പകർന്ന ഡാലിയ ടീച്ചർ സ്വന്തം മരണത്തിലൂടെയും ഒരു സമൂഹത്തിനാകെ വലിയ മാതൃകയാവുകയാണ്, ഒപ്പം ഒരുപാടു പേർക്ക് അവയവദാനം

**അവയവങ്ങൾ ദാനം ചെയ്യാൻ തയ്യാറായ കുടുംബാംഗങ്ങളെ മന്ത്രി വീണാ ജോർജ് ആദരവറിയിച്ചു**

എന്ന മഹത് കർമത്തിന്റെ വില പകർന്നു നൽകുകയും ചെയ്തു. കരുനാഗപ്പള്ളി കുഴിത്തുറ ഫിഷറീസ് സ്കൂൾ അദ്ധ്യാപികയായ ഡാലിയ ടീച്ചറിനു തലച്ചോറിൽ ഉണ്ടായ രക്തസ്രാവത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിക്കുകയായിരുന്നു. ജീവിച്ചിരുന്ന സമയത്തു തന്റെ തലമുടി കാൻസർ രോഗികൾക്ക് ദാനം ചെയ്ത ഡാലിയ ടീച്ചറിന്റെ അവയവങ്ങൾ ദാനം ചെയ്യുവാൻ ബന്ധുക്കൾക്കു മറിച്ചു ചിന്തിക്കേണ്ടി വന്നില്ല. ഭർത്താവ് ശ്രീകുമാർ സമ്മതം അറിയിച്ചതിനെ തുടർന്ന് അവയവദാനത്തിനായി സർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തി സമ്മത പത്രം നൽകി. തുടർന്ന് ടീച്ചറുടെ ഹൃദയം തിരുവനന്തപുരം ശ്രീ ചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ശസ്ത്രക്രിയയിലൂടെ തിരുവനന്തപുരം സ്വദേശിയായ 12 വയസ്സുകാരിയിൽ തുന്നി ചേർത്തു. തിരുവനന്തപുരം ശ്രീ ചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ആദ്യത്തെ ഹൃദയ ശസ്ത്രക്രിയ കൂടിയായിരുന്നു ഇത്. പൂർണ വിജയമായ ശസ്ത്രക്രിയക്ക് ശേഷം ടീച്ചറിന്റെ അന്ത്യ കർമ്മങ്ങൾക്ക് മുൻപേ ആ ഹൃദയം 12 വയസ്സുകാരിയിൽ മിടിച്ചു തുടങ്ങി. കണ്ണുകൾ ഉൾപ്പെടെയുള്ള മറ്റു ആന്തരികാവയവങ്ങൾ അഞ്ചു പേർക്ക് കൂടി നൽകുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. അവയവങ്ങൾ ദാനം ചെയ്യാൻ തയ്യാറായ കുടുംബാംഗങ്ങളെ മന്ത്രി വീണ ജോർജ് ആദരവറിയിച്ചു. ഒപ്പം ഹൃദയം മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയുടെ വിജയം ചികിത്സാ രംഗത്ത് ശ്രീചിത്രയുടെ അഭിമാനകരമായ നേട്ടമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## കോട്ടയം മെഡിക്കൽ കോളേജിന് വീണ്ടും അഭിമാന നേട്ടം



കോട്ടയം: മെഡിക്കൽ കോളേജിൽ നൂതന ശസ്ത്രക്രിയ വിജയം കണ്ടു. ഹൃദയ ഭിത്തിയിലെ ദ്വാരം ഒന്നരമണിക്കൂർ നീണ്ട പ്രത്യേക ശസ്ത്രക്രിയയിലൂടെ അടച്ച് ഡോക്ടർമാർ. ഹൃദയത്തിന് ജന്മനാ ഉണ്ടായ ദ്വാരമായ സൈനസ് സിനോസസ് അട്രിയ സെപ്റ്റിക് ഡിഫക്ട് (എ.എസ്.ഡി) ആണ് അടച്ചത്. ആദ്യമായാണ് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ഈ ശസ്ത്രക്രിയ നടത്തുന്നത്. 42 വയസ്സ് ഉള്ള പാലാ സ്വദേശിക്കാണ് ശസ്ത്രക്രിയ നടത്തിയത്.

2024 ജൂലൈ 6–ാം തീയതി നടത്തിയ ശസ്ത്രക്രിയ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് നടത്തിയത്. താക്കോൽ ദ്വാര ശസ്ത്രക്രിയ ആയതിനാൽ രക്തസ്രാവം ഒഴിവാക്കാനായി. 2 ദിവസത്തെ നിരീക്ഷണത്തിന് ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ സീനിയർ കൺസട്ടന്റ് ഡോ. എസ്.ആർ അനി, അസി. പ്രൊഫസർ ഡോ. ഹരിപ്രിയ ജയകുമാർ, അനസ്തേഷ്യോളജിസ്റ്റ് ഡോ. കെ.എം സജി, സീനിയർ നേഴ്സ് സൂസൻ എന്നിവരാണ് ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. ഇവരെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് അഭിനന്ദിച്ചു.

## കോഴിക്കോട് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇനി പോളിക്ലിനിക്ക് സേവനങ്ങൾ

കോഴിക്കോട്: ജില്ലയിലെ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പെടുത്തി അർബൻ പോളിക്ലിനിക്കുകൾ ആയി പ്രവർത്തിക്കും. കോഴിക്കോട് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇ.എൻ.ടി, ഗൈനക്കോളജി സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരുക്കുന്നത്. ആഴ്ച തോറും നിശ്ചിത ദിവസങ്ങളിലാണ് സേവനങ്ങൾ നൽകുന്നത്.


പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റാണ് പ്രസ്തുത പ്രവർത്തനത്തിനായി ഉപയോഗിക്കുന്നത്. ഒരോ വർഷവും അഞ്ച് ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. ഇത് കൂടാതെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സേവനങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ രോഗികൾക്ക് പ്രധാന ആശുപത്രികളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സാധിക്കും. സേവനങ്ങൾ പൂർണ്ണമായും സൗജന്യമായിരിക്കും.

ജില്ലയിലെ വിവിധ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന പോളി ക്ലിനിക്ക് സേവനങ്ങൾ ചുവടെ ചേർക്കുന്നു.

**നഗര പ്രാഥമികാരോഗ്യ കേന്ദ്രം ലഭ്യമായ സ്പെഷ്യാലിറ്റി സേവനങ്ങൾ**

- യു.പി.എച്ച്.സി, കല്ലുനിര
  സൈക്യാട്രി, പീഡിയാട്രിക്സ്, ഗൈനക്കോളജി
- യു.പി.എച്ച്.സി, പയ്യോളി
  ഇ.എൻ.ടി
- യു.പി.എച്ച്.സി, നടേരി
  ഇ.എൻ.ടി, ഒഫ്താൽമോളജി
- യു.പി.എച്ച്.സി, കുണ്ടുപറമ്പ്
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, വെളിയഞ്ചേരി പാടം;ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, കണ്ണാടിക്കൽ
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, പയ്യാനക്ക
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, പൊന്നംകോട്
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, ചെലവൂർ
  ഗൈനക്കോളജി, ഇ.എൻ.ടി, ഡെന്റൽ
- യു.പി.എച്ച്.സി, കിണാശ്ശേരി
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, കണ്ണഞ്ചേരി
  ഗൈനക്കോളജി, ഇ.എൻ.ടി
- യു.പി.എച്ച്.സി, ഫറോക്ക്
  ഇ.എൻ.ടി, ഡെന്റൽ

# കിണർ ക്ലോറിനേഷൻ ചെയ്യേണ്ട വിധം




ക്ലോറിനേഷൻ ചെയ്യുന്നതിനുള്ള ശരിയായ ക്രമം

കിണറിലെ വെള്ളത്തിന്റെ അളവിനനുസരിച്ചു ബ്ലീച്ചിങ് പൗഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ എടുക്കുക. ഒരു കപ്പിൽ കുറച്ചു വെള്ളം എടുത്ത് ബ്ലീച്ചിങ് പൗഡറിലേക്ക് ഒഴിച്ചു വൃത്തിയുള്ള കമ്പു ഉപയോഗിച്ച് ഇളക്കി കുഴമ്പു പരുവത്തിലാക്കുക. ഇതിലേക്ക് വീണ്ടും വെള്ളം ഒഴിച്ച് നന്നായി ഇളക്കി തെളിയാൻ വയ്ക്കുക. തെളിഞ്ഞ ബ്ലീച്ചിങ് ലായനി മാത്രം കിണറ്റിലെ വെള്ളം കോരുന്ന ബക്കറ്റിലേക്ക് ഒഴിക്കുക. ഇത് പരമാവധി കിണറിലെ വെള്ളത്തിന്റെ അടിത്തട്ടു വരെ ഇറക്കി ശക്തിയായി ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക. പലവട്ടം ഈ പ്രവർത്തി തുടരുക. ഒരു മണിക്കൂറിനു ശേഷം കിണറിലെ വെള്ളം ഉപയോഗിക്കാൻ തുടങ്ങാം.

**ആവശ്യമായ സാധനങ്ങൾ**

ബ്ലീച്ചിങ് പൗഡർ
ഒരു പ്ലാസ്റ്റിക് ടീ സ്പൂൺ,
പ്ലാസ്റ്റിക് ബക്കറ്റ്,
മഗ്ഗ്, കയർ, ടേപ്പ്,
വൃത്തിയുള്ള കമ്പ്

**കിണറിലെ വെള്ളത്തിന്റെ അളവ് കണ്ടു പിടിക്കാനുള്ള സൂത്രവാക്യം**

$$\frac{\pi D^2 h}{4} \times 1000$$

p = 3.14, D - കിണറിന്റെ വ്യാസം, h - വെള്ളത്തിന്റെ ഉയരം

**സാധാരണ ക്ലോറിനേഷൻ** – 1000 ലിറ്റർ വെള്ളത്തിന് 2.5 ഗ്രാം ബ്ലീച്ചിങ് പൗഡർ

**സൂപ്പർ ക്ലോറിനേഷൻ** – 1000 ലിറ്റർ വെള്ളത്തിന് 5 ഗ്രാം ബ്ലീച്ചിങ് പൗഡർ

തയ്യാറാക്കിയത്, ഗിരീഷ്, ഹെൽത്ത് ഇൻസ്പെക്ടർ സി എച്ച് സി വളയം

**മുലപ്പാൽ ബാങ്ക് ഐ.എം.സി.എച്ച്, കോഴിക്കോട്**

# സമഗ്ര മുലയൂട്ടൽ പരിപാലന കേന്ദ്രം




കോഴിക്കോട്: ഒരു നവജാതശിശുവിന് ആവശ്യമായ എല്ലാ പോഷകങ്ങളും അടങ്ങിയതാണ് മുലപ്പാൽ. കുഞ്ഞിന്റെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും ബുദ്ധി വികാസത്തിനും ശരീരോഷ്മാവ് നിലനിർത്താനും തൂക്കം വർദ്ധിപ്പിക്കാനും മുലപ്പാൽ അത്യന്താപേക്ഷിതമാണ്. കൂടാതെ കുഞ്ഞുങ്ങൾക്ക് വരാൻ സാധ്യതയുള്ള ഒട്ടു മിക്ക രോഗങ്ങളെയും ഒരളവ് വരെ പ്രതിരോധിക്കാൻ പ്രാപ്തിയുള്ളതുമാണ് മുലപ്പാൽ. അതുകൊണ്ട് തന്നെ ആദ്യത്തെ 6 മാസക്കാലം കുട്ടിക്ക് മുലപ്പാൽ മാത്രമാണ് നൽകേണ്ടത്. ഈ 6 മാസകാലയളവിൽ മുലയൂട്ടുന്നതിനൊപ്പം കുഞ്ഞിന് മറ്റൊന്നും നൽകേണ്ടതില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ അമ്മയുടെ രോഗാവസ്ഥ കാരണമോ, മുലപ്പാൽ ഉത്പാദനക്കുറവ് കൊണ്ടോ, പ്രസവാനന്തരം അമ്മയുടെ മരണം സംഭവിക്കുന്ന സാഹചര്യത്തിലോ മുലപ്പാലിന് പകരമായി കൃത്രിമ പാലോ മറ്റു ശിശു ഭക്ഷണ പദാർത്ഥങ്ങളോ കൊടുക്കേണ്ടതായി വരുന്നു. എന്നാൽ ഇത് കുഞ്ഞിന് അണുബാധ, അലർജി, വയറിളക്കം തുടങ്ങിയവ വരുത്താനുള്ള സാധ്യത കൂടുതലാണ്. ഇത്തരം സന്ദർഭങ്ങളിലാണ് മുലപ്പാൽ ബാങ്കിന്റെ ആവശ്യകത അനിവാര്യമാകുന്നത്. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന മാസം തികയാതെ പ്രസവിച്ച തൂക്കക്കുറവുള്ള കുഞ്ഞുങ്ങൾക്കാണ് മുലപ്പാൽ ബാങ്കിന്റെ ആവശ്യകത ഏറ്റവും കൂടുതൽ.

1980-ൽ ലോകാരോഗ്യസംഘടനയും, യുനിസെഫും സംയുക്തമായി ഇറക്കിയ പ്രസ്താവന പ്രകാരം സ്വന്തം അമ്മയുടെ പാൽ ലഭ്യമല്ലാത്ത കുഞ്ഞുങ്ങൾക്ക് അടുത്തതായി നൽകാവുന്ന ഏറ്റവും മികച്ച ഭക്ഷണമാണ് ഹ്യൂമൻ ഡോണർ മിൽക്ക്. കേരളത്തിലെ മൂന്നാമത്തെയും, മെഡിക്കൽ കോളേജുകളിലെ ആദ്യത്തേതുമായ സമഗ്ര മൂലയൂട്ടൽ പരിപാലന കേന്ദ്രം (സി.എ.എം.സി) അഥവാ മുലപ്പാൽ ബാങ്ക് 2021 സെപ്തംബർ 17 ന് കോഴിക്കോട് ഗവ: മെഡിക്കൽ കോളേജിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചു.

നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് വിനിയോഗിച്ച് കോഴിക്കോട് സ്ഥാപിതമായ മുലപ്പാൽ ബാങ്ക് (കോമ്പ്രിഹെൻസീവ് ലാക്ടേഷൻ മാനേജ്മെൻറ് സെൻററ – സി.എൽ.എം.സി) രണ്ടര വർഷം പൂർത്തിയാക്കുമ്പോൾ 3252 ദാതാക്കളിൽ നിന്നും ശേഖരിച്ച 580575ML മുലപ്പാൽ, അണുവിമുക്തമാക്കിയതിനു ശേഷം, സ്വന്തം അമ്മയുടെ പാൽ ലഭ്യമല്ലാത്ത 1758 കുഞ്ഞുങ്ങൾക്കായി പി.ഡി.എച്ച്.എം (പാസ്ചുറൈസ്ഡ് ഡോണർ ഹ്യുമൻ മിൽക്) വിതരണം ചെയ്യുവാനും സാധിച്ചു. ഇതിൽ കേരളത്തിൽ ആദ്യ ട്രാൻസ് ജെൻറർ ദമ്പതികളുടെ കുഞ്ഞും ഉൾപ്പെടുന്നു.

മാസം തികയാതെ ജനിച്ച, തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഭൂരിഭാഗം കുഞ്ഞുങ്ങൾക്കും മുലപ്പാൽ ബാങ്ക് ആശ്രയമാകുകയും ജീവിതത്തിലേക്ക് തിരിച്ചു വരാൻ സാധിക്കുകയും ചെയ്തു. മുലപ്പാൽ ദാനത്തിന്റെ ആവശ്യകത മനസ്സിലാക്കി ദിനംപ്രതി അമ്മമാർ മുന്നോട്ടു വന്നതിനാലാണ് ഇത്തരത്തിൽ വിജയകരമായി മുന്നോട്ടുപോകാനായി സാധിച്ചത്. അതുകൊണ്ടുതന്നെ എം.ബി.എഫ്.എച്ച്.ഐ, മുസ്കാൻ, ലക്ഷ്യ എന്നീ അക്രഡിറ്റേഷനുകളിൽ മുലപ്പാൽ ബാങ്കിന്റെ പങ്ക് മികച്ചതായിരുന്നു.

കൂടുതൽ തവണ ദാതാവായി എത്തുന്ന അമ്മമാരെ അനുമോദിച്ചു കൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും അതോടൊപ്പം നൽകുന്ന ബോധവത്കരണ ക്ലാസ്സുകൾ മറ്റു അമ്മമാർക്ക് പ്രചോദനമാകുകയും ചെയ്യുന്നു.

### പ്രവർത്തനരീതി

ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ശിശുരോഗ വിഭാഗത്തിലേയും നിയോനാറ്റോളജി വിഭാഗത്തിലെയും ഡോക്ടർമാരുടെയും, നോഡൽ ഓഫീസറുടേയും നേതൃത്വത്തിൽ 2021 ഒക്ടോബർ അഞ്ചിന് പൂർണ നിലയിൽ പ്രവർത്തനം ആരംഭിച്ച സി.എ.എം.സി യുടെ പ്രവർത്തനങ്ങൾ നിലവിൽ നഴ്സിംഗ് ഓഫീസർ ഇൻ ചാർജ് (1), കോർഡിനേറ്റർ (1), നഴ്സിംഗ് ഓഫീസർ(4), ജെ.പി.എച്ച്.എൻ (2) എന്നിവർ ചേർന്ന് മുന്നോട്ടു കൊണ്ടു പോകുന്നു. പരിശീലനം കിട്ടിയ നഴ്സ്മാർ പ്രസവാനന്തര വാർഡുകളിൽ അമ്മമാർക്ക് കൗൺസിലിങ്ങും ബോധവത്കരണവും നൽകുന്നു.

**രണ്ടര വർഷം പൂർത്തിയാക്കുമ്പോൾ 3252 ദാതാക്കളി നിന്നും ശേഖരിച്ച 580575 ML മുലപ്പാൽ, അണുവിമുക്തമാക്കിയതിനു ശേഷം, സ്വന്തം അമ്മയുടെ പാൽ ലഭ്യമല്ലാത്ത 1758 കുഞ്ഞുങ്ങൾക്കായി വിതരണം ചെയ്യുവാനും സാധിച്ചു**

സ്വമേധയാ മുലപ്പാൽ ദാനം ചെയ്യാൻ എത്തുന്ന അമ്മമാർക്ക് ആവശ്യമായ പരിശോധനകൾ നടത്തി ആരോഗ്യസ്ഥിതി വിലയിരുത്തുന്നു. പ്രത്യേകം അണുവിമുക്തമാക്കിയ മുറിയിൽ ബ്രെസ്റ്റ് മിൽക്ക് പമ്പ് ഉപയോഗിച്ച് ഓരോ അമ്മയിൽ നിന്നും പ്രത്യേകം കുപ്പികളിൽ ശേഖരിക്കുന്നു. ശേഖരിച്ച മുലപ്പാൽ പാസ്ച്ചുറൈസേഷനിലൂടെ അണുവിമുക്തമാക്കി മൈക്രോബയോളജിക്കൽ ടെസ്റ്റ് വഴി അണുവിമുക്തമായെന്ന് ഉറപ്പുവരുത്തി ഡീപ് ഫ്രീസറിൽ സൂക്ഷിക്കുന്നു. പാസ്ച്ചുറൈസ്ഡ് ഡോണർ ഹ്യൂമൻ മിൽക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരം അർഹരായ നവജാതശിശുക്കൾക്ക് തീർത്തും സൗജന്യമായി നൽകുന്നു.

### ദാതാവ് എങ്ങനെ ഉള്ളവരായിരിക്കണം?

HIV, VDRL, HBSAG, HCV തുടങ്ങിയ രോഗങ്ങൾ ഇല്ലാത്തവരായിരിക്കണം (പാൽ ദാനം ചെയ്യുന്നതിന്റെ ആറു മാസത്തിനുള്ളിൽ ടെസ്റ്റ് ചെയ്ത റിസൾട്ട് ഉണ്ടായിരിക്കണം)

*കീമോതെറാപ്പി കഴിഞ്ഞവർ, ബ്രസ്റ്റിലെ അണുബാധ ഉള്ളവർ, 12 മാസത്തിനുള്ളിൽ രക്തം സ്വീകരിച്ചവർ തുടങ്ങിയവർക്ക് മുലപ്പാൽ ദാനം ചെയ്യാൻ സാധിക്കില്ല.

### മിൽക്ക് ബാങ്ക് ഉപയോഗപ്പെടുന്നത് ആർക്കൊക്കെ?

മാസം തികയാതെ പ്രസവിച്ച, തൂക്കകുറവുള്ള കുഞ്ഞുങ്ങൾക്കും തീവ്രപരിചരണ വിഭാഗത്തിൽ നിരീക്ഷണത്തിൽ ഉള്ള കുഞ്ഞുങ്ങൾക്കുമാണ് മുൻഗണന.

### തുടർ പദ്ധതികൾ

മുലപ്പാൽ ബാങ്ക് കൂടുതൽ കുഞ്ഞുങ്ങൾക്ക് പ്രയോജനപെടുത്തുന്നതിനായി പ്രസവം നടക്കുന്ന ആശുപത്രിയിൽ ലാക്റ്റേഷൻ മാനേജ്മെൻറ് യൂണിറ്റ് പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. അത് ഇപ്പോൾ നിലവിലുള്ള മിൽക്ക് ബാങ്കുമായി സംയോജിപ്പിച്ചു പ്രവർത്തിക്കാനും ഉള്ള പദ്ധതികൾ നടന്നുവരുന്നു. ദാതാക്കളായി വരുന്ന അമ്മമാർക്ക് ആവശ്യമായ രക്തപരിശോധനകൾ (സ്ക്രീനിംഗ് ടെസ്റ്റുകൾ) നടത്തുന്നതിനായുള്ള ലബോറട്ടറി സംവിധാനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കുന്ന രീതി പ്രാവർത്തികമാക്കാനും ആസൂത്രണത്തിൽ ഉണ്ട്.

2021 സെപ്തംബറിൽ ആരംഭിച്ച മുലപ്പാൽ ബാങ്കിന്റെ ജൈത്രയാത്ര ഏറെ വിജയകരമായി തന്നെ മുന്നോട്ട് പോകുകയാണ്. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ മികച്ച ഇടപെടലാണ് മുലപ്പാൽ ബാങ്കിലൂടെ നടപ്പിലാക്കുന്നത്.




# ലോക ജനസംഖ്യ പക്ഷാചരണം സംഘടിപ്പിച്ചു



കോട്ടയം: ആരോഗ്യവകുപ്പും ആരോഗ്യകേരളവും ചേർന്ന് രാമപുരം മാർ അഗസ്തീനോസ് കോളജിൽ സംഘടിപ്പിച്ച ജില്ലാതല ലോക ജനസംഖ്യ ദിനാചരണ പരിപാടി അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ കൂടുതലുള്ളത് രാജ്യത്തിനു ഗുണകരമാണെങ്കിലും ജനസംഖ്യാ വർധന പരിധി കടക്കുന്നത് തടയപ്പെടണമെന്ന് അഡ്വ. കെ. ഫ്രാൻസിസ് ജോർജ് എം.പി. പറഞ്ഞു. വിഭവങ്ങളുടെ ഉപഭോഗത്തിലും പുനരുപയോഗത്തിലും മാലിന്യങ്ങളുടെ അളവു കുറയ്ക്കുന്നതിലും ശ്രദ്ധയൂന്നിയേ വർധിച്ച ജനസംഖ്യ ഉയർത്തുന്ന വെല്ലുവിളി നേരിടാൻ നമുക്ക് സാധിക്കൂ. പ്രകൃതി വിഭവങ്ങൾ അനാവശ്യമായി ചൂഷണം ചെയ്യുന്നതും പരിസ്ഥിതിക്കു കോട്ടം വരുത്തുന്നതുമായ വികസന മാതൃകകളും ഭാവിയിൽ ദോഷം ചെയ്യുമെന്നും എം.പി. പറഞ്ഞു.



# നിപ: പ്രതിരോധകോട്ട തീർത്ത് മലപ്പുറം

മലപ്പുറം: നിപയിൽ പ്രതിരോധം തീർത്ത് മലപ്പുറം ജില്ല. ഭീതിയിൽ തളരാതെ നിർദേശങ്ങൾ പാലിച്ചും നിയന്ത്രണങ്ങൾ സ്വയം ഏറ്റെടുത്തുമാണ് മലപ്പുറം നിപാ ഭീഷണിയെ തളച്ചത്. ജൂലായ് 20-ന് പാണ്ടിക്കാട് ചെമ്പ്രശ്ശേരിയിലെ 14 കാരന് നിപ്പാ ബാധ സ്ഥിരീകരിച്ചു . ജൂലായ് 21ന് ഈ കുട്ടി മരിക്കുകയും ചെയ്തു. ജൂലായ് 20-ന് തന്നെ ആരോഗ്യ വകുപ്പ് മന്ത്രി മലപ്പുറത്തെത്തുകയും ജില്ലയിലെ എം.എൽ.എ.മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാകലക്ടർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ മേധാവികൾ, ഇതര വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ കർമ്മ പദ്ധതി തയ്യാറാക്കി. സർവ്വയലൻസ് ശക്തിപ്പെടുത്തിയും രോഗിയുടെ റൂട്ട് മാപ്പ് തയ്യാറാക്കി രോഗിയുമായി കോൺടാക്ട് ഉള്ളവരുടെ പട്ടിക തയ്യാറാക്കി പ്രൈമറി കോൺടാക്റ്റിലുള്ളവരെ ടെസ്റ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ഇവരെ സ്വയം നിരീക്ഷണത്തിൽ വയ്ക്കുകയും ചെയ്തു. പാണ്ടിക്കാട്, ആനക്കയം പഞ്ചായത്തുകളിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ജനങ്ങൾ നിർബന്ധമായും മാസ്ക് വക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജിലും കരുവാരകുണ്ട് സി.എച്ച്.സിയിലും ഐസൊലേഷൻ വാർഡുകൾ തയ്യാറാക്കി. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനായി ആരോഗ്യവകുപ്പ് പ്രത്യേക ആംബുലൻസ് സേവനവും ഒരുക്കി. ഐസൊലേഷനിലുള്ളവർക്കാവശ്യമായ അവശ്യ സാധനങ്ങളെത്തിക്കുന്നതിന് വളണ്ടിയർമാരുടെ സേവനവുമൊരുക്കി. നിപാ സ്ഥിരീകരിച്ച പഞ്ചായത്തിനു സമീപമുള്ള വണ്ടൂർ, നിലമ്പൂർ, കരുവാരകുണ്ട് എന്നിവിടങ്ങളിൽ പ്രത്യേക പനി ക്ലിനിക്കുകൾ ആരംഭിച്ചു. ആനക്കയം പാണ്ടിക്കാട് പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും സർവ്വേ നടത്തി. ആ പ്രദേശങ്ങളിലെ പനിയുള്ളവരെ കണ്ടെത്തുകയും പ്രത്യേകം നീരീക്ഷിക്കുകയും ചെയ്തു. ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൺട്രോൾ സെൽ ആരംഭിക്കുകയും ചെയ്തു.

2018 മേയ് മാസത്തിലാണ് കേരളത്തിൽ ആദ്യമായി നിപ്പ സ്ഥിരീകരിച്ചത്. അന്നു സ്വായത്തമാക്കിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഊർജ്ജവും മാർഗ്ഗങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് ജില്ല നിപ്പ പ്രതിരോധം ഇത്തവണയും സാധ്യമാക്കിയത്. ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും ആരോഗ്യ പ്രവർത്തകരുടെയും വിവിധ വകുപ്പുകളുടേയും ഏകോപനത്തിലൂടെ നിപ്പ പ്രതിരോധത്തിന്റെ ആദ്യഘട്ടം വിജയിച്ചു.


നിപ്പാ പ്രതിരോധത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ആരംഭിച്ച കൺട്രോൾ റൂം പ്രവർത്തനങ്ങൾക്ക് മന്ത്രി വീണാ ജോർജ് നേതൃത്വം കൊടുക്കുന്നു




## രണ്ട് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**ആകെ 176 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്**

തിരുവനന്തപുരം: സംസ്ഥാനത്തെ 2 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കൊല്ലം കരവാളൂർ കുടുംബാരോഗ്യ കേന്ദ്രം 91 ശതമാനം സ്കോറോടെ അംഗീകാരവും, തൃശൂർ ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രം 91.48 ശതമാനം സ്കോറോടെ പുന:അംഗീകാരവും നേടിയെടുത്തു. കുടുതൽ ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

ഇതോടെ സംസ്ഥാനത്തെ 176 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 77 ആശുത്രികൾ പുന: അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 117 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിന് ഇതേറെ സഹായിക്കും.


### പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ജീവൻ ബാബു കെ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി സി), ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി സി), കോട്ടയം

**ആഗൽ ജോസഫ്**
കൺസൾട്ടന്റ് (ഡി സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
ജെ.സി (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ.സി (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്